ഹം പറഞ്ഞു.



ജനസംസ്കൃതിയുടെ സഫ്ദർ ഹാഷ്മി നാടകോത്സവത്തിൽ മികച്ച സംവിധായകനായി തിരഞ്ഞെടുക്കപ്പെ ...വി. സന്തോഷ്.



നാടകോത്സവത്തിൽ കുട്ടികളുടെ നാടകത്തിൽ മികച്ച നടനായ ഉണ്ണി വിശ്വനാഥ്. രോഹിണി വിഷ്ണുപ്രിയ ക... സംഘം പ്രിൻസിപ്പൽ ബാല... ഷ്ണ മാരാരുടെ മകനാണ്.

**ഡൽഹിയിൽ ഇന്ന്**

...ാഗാന്ധി ദേശീയ കലാകേന്ദ്രം ...ുന്ന പാവക്കൂത്ത് പ്രദർശ... ...ദ്ഘാടനം: കേന്ദ്ര സാം...ാരിക സെക്രട്ടറി അഭിജിത് ...ർഗുപ്ത: മാതി ഘർ, ജൻപ... ...0

...ാട്യം: ലോകേഷ് ഭരദ്വാജ്: ...്യ ഹാബിറ്റാറ്റ് സെന്റർ 7.00

...ങ്ങളും

# ചിറകറ്റു വീണ രാപ്പാടികളുടെ തേങ്ങൽ അഭ്രപാളികളിൽ

ന്യൂഡൽഹി: കടക്കെണിയിൽ നിന്ന് രക്ഷനേടാൻ മരണത്തിന്റെ വഴി തിരഞ്ഞെടുത്ത കർഷക മാതാപിതാക്കൾ അവശേഷിപ്പിച്ചു പോയ കുരുന്നുകളുടെ കദനം ഡോക്യുമെന്ററിയാവുന്നു. അമേരിക്കയിൽ താമസിക്കുന്ന സിഖ് സമൂഹമാണ് പഞ്ചാബിലെ സംഗ്രൂർ മേഖലയിലെ കർഷക കുടുംബങ്ങളുടെ വേദനിപ്പിക്കുന്ന കഥ പകർത്തുന്നത്. ഒട്ടേറെ രാജ്യാന്തര ചലച്ചിത്ര മേളകളിൽ പങ്കെടുത്ത അനുഭവവുമായാണ് ഹർപ്രീതെന്ന പഞ്ചാബി വനിത ആരോരുമില്ലാത്ത പഞ്ചാബിലെ കുരുന്നുകളെ ലോകത്തിനു പരിചയപ്പെടുത്തുന്നത്.

ഹർപ്രീത് സംവിധാനം ചെയ്ത 'വിഡോ കോളനി' വിവിധ ചലച്ചിത്രമേളകളിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഇന്ദിരാ ഗാന്ധിയുടെ വധത്തെ തുടർന്നു 1984ലുണ്ടായ സിഖ് വിരുദ്ധ കലാപത്തിൽ വിധവകളായവരുടെ കഥയാണ് 'വിഡോ കോളനി'യിലൂടെ പങ്കുവച്ചത്.



കണ്ണീർപൂക്കൾ: ആത്മഹത്യ ചെയ്ത പഞ്ചാബി കർഷകരുടെ കുട്ടികൾ ദില്ലി ഹാട്ടിൽ എത്തിയപ്പോൾ

സംഗ്രൂരിലെ ചോട്ടിയാം ഗ്രാമത്തിലെ കുട്ടികളെ വിഷയമാക്കിയാണ് പുതിയ ഡോക്യുമെന്ററി. ഗ്രാമങ്ങൾ സന്ദർശിക്കുമ്പോൾ കേൾക്കുന്നത് തേങ്ങലുകൾ മാത്രമെന്ന് ഡോക്യുമെന്ററിയുടെ നിർമാതാവായ പ്രവാസി ഇന്ത്യാക്കാരൻ മൻപ്രീത് പങ്കുവയ്ക്കുന്നു. ഒരുകാലത്ത് സന്തോഷത്തോടും ക്ഷേമത്തോടും കഴിഞ്ഞ കുടുംബങ്ങളിൽ അപ്രതീക്ഷിതമായാണ് ദാരിദ്ര്യം കടന്നു വന്നത്. ജീവിക്കാൻ പാടുപെടുമ്പോൾ ബ്ലേഡ് മാഫിയയുടെ പീഡനവും അധികൃതരുടെ അവഗണനയുമെല്ലാം ക്ലേശം വർധിപ്പിക്കുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിലുള്ള നൂറുകണക്കിനു കുട്ടികളുണ്ടെന്നു മൻപ്രീത് പറഞ്ഞു.

പ്ലസ് ടു വിദ്യാർഥിയായ ജഗ്താറിന്റെ പിതാവ് മരിച്ചിട്ട് ഒരു മാസം പിന്നിടുന്നു.

രണ്ടര ലക്ഷം രൂപയുടെ കടമായിരുന്നു തർമിന്ദറിനെ മരണത്തിലേക്കു തള്ളിയിട്ടത്. ഹർപ്രീതിന്റെ ഡോക്യുമെന്ററിയിൽ പ്രധാനകഥാപാത്രമായ ജഗ്താറിന്റെ കണ്ണീർ ഇനിയും തോർന്നിട്ടില്ല. യാഥാർഥ്യത്തോട് പൊരുത്തപ്പെടാനുള്ള ശ്രമത്തിലാണവൻ. പിതാവ് മരിച്ചിട്ടും ബ്ലേഡ് മാഫിയ വേട്ടയാടുന്ന ജസ്ബീർ കൗർ (16) കേന്ദ്ര കൃഷിമന്ത്രിക്ക് കണ്ണീരിൽ ചാലിച്ചെഴുതിയ കത്തും ഹ്രസ്വചിത്രത്തിൽ വായിക്കുന്നുണ്ട്.

ചോട്ടിയാം ഗ്രാമത്തിലെ തിരഞ്ഞെടുത്ത കുട്ടികളുമായി ഹർപ്രീതും സംഘവും ദിൽ ഹാട്ടിൽ എത്തിയിരുന്നു.

**യുവജന... സോണിയ... മൂന്നാം ന...**

ന്യൂഡൽഹി: കോൽഹാപൂർ ശിവാജി യൂണിവേഴ്സിറ്റിയിൽ നടന്ന അഖിലേന്ത്യ അന്തർ സർവകലാശാല യുവജനോത്സവത്തിൽ പാ...ശ്ചാത്യ സംഗ...ഗത്തിൽ മല...യ സാമുവലിന... കിംഗ്സ്‌വേ... ബി ഹോസ്പ... പാസ്റ്റർ എം... ടെയും (മുഖ... ശ്വാസി മാസ്... ന്റെയും (സി... ആർബിടിബി... ളാണ് സോണ... ചോയ്ത്ത് റ... ഴ്സിങിൽ മ... സ്സി നഴ്സ്... ണ്.

**തസ്‌ലി... ആശു...**

ന്യൂഡൽഹ... ത്തെ തുടർ... ത്രിയിൽ ... ബംഗ്ലദേശ്... മ നസ്റീൻ... പ്രമേഹവ... ദവുമുള്ള ... കളുടെ പാ... ഹാസ്യാസ്... ന്ന് അധിക...

**സൗഹൃദ സംഗമം 3ന്**

**25th WEDDING ANNIVE...**